(28) റെയിൽവേ വികസനഫണ്ടിന്റെ വിനിയോഗം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, റെയിൽവേ വികസന ഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ചാണ് എനിക്കു പറയാനുള്ളത്. കായംകുളം- മാവേലിക്കര, ചെങ്ങന്നൂർ, കായംകുളം-ചേപ്പാറ, എറണാകുളം -മുളന്തുരുത്തി തുടങ്ങിയ റെയിൽവേ ലൈനുകൾക്ക് തുക അനുവദിച്ചുവെങ്കിലും അതിനാവശ്യമായ സ്ഥലം ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും യോഗം വിളിച്ചു കൂട്ടി സമയബന്ധിതമായി സ്ഥലമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, അദ്ദേഹം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ്. അക്വിസിഷനെ സംബന്ധിച്ചൊക്കെ കോടതിയിൽ ധാരാളം കേസ്സുകൾ വരുന്നുണ്ട്. എം.എൽ.എ. മാരുമായി ഞാൻ ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്ഥലമെടുപ്പിനുവേണ്ടി അനുവദിച്ച സംഖ്യ ലാപ്സായിട്ടില്ല. പക്ഷേ ഇതിന്റെ പുരോഗതി മുമ്പോട്ടു നടക്കണമെങ്കിൽ സ്ഥലം കിട്ടണം. എരുമേലി ലൈൻ ഒഴിച്ച് ബാക്കിയുള്ള സ്ഥലത്തൊക്കെ സെറ്റിൽമെന്റ് ആകുന്നുണ്ട്. ഞാൻ ഇന്നലെ ശ്രീ. എം. മുരളിയോടും ശ്രീ. പി.എസ്. സുപാലിനോടും ഇതു സംബന്ധിച്ച് സംസാരിച്ചിട്ടുണ്ട്. നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻതന്നെ എം.എൽ.എ. മാരുടേയും രാഷ്ട്രീയ കക്ഷികളുടെയും ഒരു യോഗം വിളിച്ചു കൂട്ടി വേണ്ടതു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(29) ഒറ്റപ്പാലം - പൊന്നാനി സ്റ്റേറ്റ് ഹൈവേ

ശ്രീ. വി. സി. കബീർ: സർ, ഒറ്റപ്പാലം-പൊന്നാനി സ്റ്റേറ്റ് ഹൈവേയുടെ പ്രവർത്തനം ആരംഭിച്ചിട്ട് ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. അതിന്റെ പണി ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഒറ്റപ്പാലം-പൊന്നാനി സ്റ്റേറ്റ് ഹൈവേയുടെ കാര്യം പരിശോധിച്ച് പണി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(30) ഇടപ്പാൾ 220 കെ.വി. സബ്സ്റ്റേഷന്റേയും പന്തളം 33 കെ.വി. സബ്സ്റ്റേഷന്റേയും നിർമ്മാണം

ശ്രീ. കെ. കെ. ഷാജു: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഇടപ്പാൾ 220 കെ.വി. സബ്സ്റ്റേഷന്റേയും പന്തളം 33 കെ.വി. സബ്സ്റ്റേഷന്റേയും നിർമ്മാണം ഒച്ചിഴയുന്ന വേഗത്തിലാണ് നടക്കുന്നത്. അത് ത്വരിതപ്പെടുത്തി എത്രയും വേഗം പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ആ സബ്സ്റ്റേഷനുകളുടെ പണി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly